100652
16/8/15

**കേരളസർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - നിർഭയ ഷെൽട്ടർ ഹോം, എറണാകുളം - കെട്ടിട നിർമ്മാണത്തിന് അധിക തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**സാമൂഹ്യനീതി(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.486/2015/സാനീവ തീയതി, തിരുവനന്തപുരം 01.08.2015.

---

പരാമർശം: 1) സ.ഉ(സാധാ) നം. 338/2013/സാനീവ തീയതി, 08.07.2013.

2) സാമൂഹ്യനീതി ഡയറക്ടറുടെ 16.06.2015 ലെ എഫ് 5/23506/2013 നമ്പർ കത്ത്.

3) 30.06.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

പരാമർശം (1) ലെ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ നിർഭയ ഹോമിന് പുതിയ കെട്ടിടം പണിയുന്നതിനായി 52 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭരണാനുമതി ലഭിച്ച 52 ലക്ഷം രൂപയ്ക്ക് ടി കെട്ടിടം പൂർത്തീകരിയ്ക്കുവാൻ സാധ്യമല്ലാത്തതിനാൽ എറണാകുളം പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയർ 3,58,29,670/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത തുകയിൽ നിന്നും ഭരണാനുമതി ലഭിച്ച 52 ലക്ഷം രൂപ കുറച്ച് ബാക്കി 3,06,29,670 ലക്ഷം രൂപയും ആയതിന്റെ 15% ഇലക്ട്രിക്കൽ വർക്കിനായി 45,94,450/- രൂപയും ചേർത്ത് ടി പണി ചെയ്യുന്നതിന് വേണ്ടി 3,52,24,120/- രൂപയുടെ ഭരണാനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-103-99(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8 കോടി രൂപയിൽ നാളിതുവരെ ഭരണാനുമതി ലഭിച്ച 3,29,50,000/- രൂപ കുറച്ച് അവശേഷിക്കുന്ന തുകയായ 4,70,50,000/- രൂപയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2) 30.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം എസ്റ്റിമേറ്റിന്റെ അംഗീകരിച്ച പകർപ്പ് ലഭ്യമാക്കേണ്ടതാണെന്ന നിബന്ധനയോടുകൂടി ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം നിർഭയ ഷെൽട്ടർ ഹോമിന് പുതിയ കെട്ടിടം പണിയുന്നതിനായുള്ള അധിക തുകയ്ക്കുവേണ്ടി സാമൂഹ്യനീതി ഡയറക്ടർ

സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയും ഇതിലേക്കാവശ്യമായ 3,58,29,670/- രൂപയിൽ നിന്നും പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ 52 ലക്ഷം രൂപ കുറച്ച് ബാക്കി 3,06,29,670/- രൂപയും ആയതിന്റെ 15% ഇലക്ട്രിക്കൽ വർക്കിനായി 45,94,450/- രൂപയും ചേർത്ത് ആകെ 3,52,24,120/- രൂപ (മൂന്ന് കോടി അൻപത്തിരണ്ട് ലക്ഷത്തി ഇരുപത്തിനാലായിരത്തി നൂറ്റി ഇരുപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-103-99(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ,**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ